ഉത്തരം

(എ) കൈത്തറി മേഖലയിൽ ഏകദേശം 1,50,000 പേർ ജോലി ചെയ്തു വരുന്നതായി കണക്കാക്കുന്നു.

(ബി) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്കും അപ്പക്സ് സംഘമായ ഹാന്റ്ക്സിനും സർക്കാരിൽ നിന്നും യഥാക്രമം 1.10 കോടി രൂപയും 3.2 കോടി രൂപയും റിബേറ്റ് കുടിശ്ശികയായി നൽകാനുണ്ട്. ഹാന്റ്ക്സിൽ നിന്ന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 24.6 കോടി രൂപ കുടിശ്ശികയും നൽകാനുണ്ട്.

(സി) ദീൻദയാൽ യോജന സ്കീം അനുസരിച്ച് കേന്ദ്ര സർക്കാർ അനുവദിച്ച തുക മുഴുവനും സംഘങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പി. എസ്. സി. ലിസ്റ്റിൽ നിന്നും താൽക്കാലിക നിയമനം

134 [536] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളിൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ. എസ്. ആർ. ടി. സി.യിൽ താൽക്കാലിക/ കരാർ അടിസ്ഥാനത്തിൽ ഓരോ തസ്തികകളിലും ജോലി നോക്കുന്നവരുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) കെ. എസ്. ആർ. ടി. സി.യിൽ പി. എസ്. സി. വഴി നിയമനം ലഭിച്ചവരേയും താൽക്കാലിക/എംപാനൽ ജീവനക്കാരായി നിലനിർത്തിയിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ നയപരമായ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ടക്ടർ, ഡ്രൈവർ, വർക്ക് അസിസ്റ്റന്റ്, കോച്ച് ബിൽഡർ, അപ്ഹോൾസ്റ്റർ, ബ്ലാക്ക്സ്മിത്ത്, പെയിന്റർ, പമ്പ് ഓപ്പറേറ്റർ, സീറ്റർ, സീറ്റർ-കം-സ്കാവഞ്ചർ, സ്റ്റോർ ഇഷ്യൂവർ, ഗാർഡ്, അസിസ്റ്റന്റ് സ്റ്റോർ കീപ്പർ എന്നീ തസ്തികകളിൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ആശ്രിത നിയമനം വഴി		
വർക്ക് അസിസ്റ്റന്റ്	..	3
പമ്പ് ഓപ്പറേറ്റർ	..	8
സ്വീപ്പർ	..	5
സ്വീപ്പർ-കം-സ്കാവഞ്ചർ	..	6
സ്റ്റോർ ഇഷ്യൂവർ	..	35
പി. എസ്. സി. വഴി		
വർക്ക് അസിസ്റ്റന്റ്	..	864
കോച്ച് ബിൽഡർ	..	26
അപ്ഹോൾസ്റ്റർ	..	28
ബ്ലാക്ക്സ്മിത്ത്	..	179
പെയിന്റർ	..	45
ഗാർഡ്	..	134
എ. എസ്. കെ.	..	2
കണ്ടക്ടർ	..	3091
പി. എസ്. സി. വഴിയല്ലാത്ത നിയമനം		
ഡ്രൈവർ	..	3629

(സി) ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെയുണ്ടായിരുന്ന മുഴുവൻ പി. എസ്. സി. എംപാനൽകാരെയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഒ. പി. നം. 37878/01 എന്ന കേസിലെ സി. എം. പി. ഓർഡർ നം. 67078/01 പ്രകാരം ബഹു. ഹൈക്കോടതിയുടെ 14-12-2001-ലെ ഉത്തരവ് പ്രകാരമാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് ബാക്കിയുള്ളവരേയും റഗുലറൈസ് ചെയ്യുന്നതാണ്.

(ഡി) ഇല്ല. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

നിരത്തിലിറക്കിയ പുതിയ ബസ്സുകൾ

135 [549] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസ്സുകൾ നിരത്തിലിറക്കി; ഇതിൽ വലിയ ബസ്സുകൾ എത്ര എന്നും ചെറിയ ബസ്സുകൾ എത്ര എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly